**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**(സംഗ്രഹം)**

മഹാത്മാഗാന്ധി സർവ്വകലാശാല - ബിരുദ പരീക്ഷകളുടെ ചോദ്യക്കടലാസുകൾ ഓൺ ലൈൻ ആക്കുന്നതിന്റെ ഭാഗമായി, കോളേജുകൾ സർവ്വകലാശാലയിൽ അടക്കേണ്ട പരീക്ഷാ ഫീസ് ഇനത്തിലുള്ള തുകയിൽ കുറവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.7658/എ1/2/2018/അക്കാദമിക് — തീയതി, പ്രിയദർശിനി ഹിൽസ്, 27.10.2018

---

പരാമർശം : 26.09.2018 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.ഒ.എ.53/18.08

**<u>ഉത്തരവ്</u>**

ബിരുദ പരീക്ഷകളുടെ ചോദ്യക്കടലാസുകൾ ഓൺലൈനായി കോളേജുകൾ പ്രിന്റ് ചെയ്ത് വിദ്യാർത്ഥികൾക്ക് നൽകുന്നതു മൂലം കോളേജുകൾക്ക് സ്റ്റേഷനറി ഇനത്തിൽ വളരെയധികം തുക ചിലവഴിക്കേണ്ടി വരുന്നതിനാൽ, നിലവിലെ പരീക്ഷാ ഫീസ് ഇനത്തിൽ, കോളേജുകൾ സർവ്വകലാശാലയ്ക്ക് അടക്കേണ്ട തുകയിൽ നിന്നും, ഒരു വിദ്യാർത്ഥിക്ക് ഒരു സെമസ്റ്ററിനു 25/- (ഇരുപ്പത്തഞ്ച് രൂപ മാത്രം) രൂപ എന്ന നിരക്കിൽ കുറവ് ചെയ്തതിനു ശേഷമുള്ള തുക സർവ്വകലാശാലയിൽ അടച്ചാൽ മതിയാകും എന്ന് മേൽ പരാമർശ പ്രകാരം തീരുമാനിച്ചു.

ഓൺലൈൻ ആയി ലഭിക്കുന്ന ചോദ്യകടലാസുകൾ ഉപയോഗിച്ച് പരീക്ഷ എഴുതുന്ന ബിരുദ വിദ്യാർത്ഥികളുടെ കാര്യത്തിൽ മാത്രമായിരിക്കും ഈ ഉത്തരവ് ബാധകമാവുക.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് 1)
രജിസ്ടാർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ അഫിലിയേറ്റഡ് കോളേജുകൾ
2. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (ഭരണ വിഭാഗം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
5. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

*ഫയൽ നം. എസി.എ1/2/480/2016 (ഭാഗം)*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം